കോടതികളെപ്പോലെ, മുമ്പിൽ വരുന്ന ആവലാതികഠം കേട്ട് തീർപ്പുകഠം കല്പിക്കുക മാത്രമല്ല ഓംബുഡ്സ്മാൻെറ ചുമതല. സർക്കാർ വകുപ്പുകളുടെയും പൊതുസ്ഥാപനങ്ങളുടെയും അവയിലെ ഉദ്യോഗസ്ഥന്മാരുടെയും ദുർഭരണം, നിയമലംഘനം, കാലതാമസം, കഴിവുകേട് മുതലായവയെപ്പററി ഓംബുഡ്സ്മാന് സ്വമേധയാ അന്വേഷണം നടത്തുകയും പരിഹാര നടപടികഠം കൈക്കൊള്ളുകയുമാവാം. ഓംബുഡ്സ്മാൻെറ കല്പനകളോ നടപടികളോ കോടതികളിൽ ചോദ്യം ചെയ്യപ്പെടുകയില്ല. ഉദ്യോഗസ്ഥന്മാരുടെ നിസ്സഹകരണവും നടപടിക്രമങ്ങഠം വരുത്തിവെക്കുന്ന താമസവും ഒഴിവാക്കാൻ ഓംബുഡ്സ്മാന് ഒരു സിവിൽ കോടതിയുടെ പദവിയും അധികാരങ്ങളും നല്കപ്പെട്ടിരിക്കുന്നു. അതാത് അധികൃതസ്ഥാപനങ്ങഠം തൻെറ ശുപാർശകഠം നടപ്പിലാക്കാത്ത പക്ഷം, ആ കാര്യത്തിൽ ഇടപെടണമെന്ന് പ്രസിഡണ്ടിനോട് ഓംബുഡ്സ്മാന് ആവശ്യപ്പെടാം.

പാകിസ്ഥാൻ പ്രസിഡണ്ട് ഓംബുഡ്സ്മാനെ നിയമിക്കുമെന്നാണ് വിശ്വസിക്കപ്പെടുന്നത്. പക്ഷേ, എന്ന് ഈ നിയമനം നടക്കും എന്നറിഞ്ഞുകൂടാ. പട്ടാളഭരണത്തിനു കീഴിൽ പാകിസ്ഥാനിലെ ഉദ്യോഗസ്ഥമേധാവിത്വം സർവശക്തിയാർജിച്ചിരിക്കുകയാണ്. അങ്ങേയററം ദുഷിച്ചിട്ടുമുണ്ട്. ഈ വ്യവസ്ഥിതിയിൽ ഓംബുഡ്സ്മാന് എന്തു ചെയ്യാൻ കഴിയുമെന്ന് ഇപ്പോഠം പ്രവചിക്കാനാവില്ല.

പക്ഷേ, നമ്മെ സംബന്ധിച്ചിടത്തോളം പ്രസക്തമായ സംഗതി, സമൂഹത്തിലെ അഴിമതിയെപ്പററിയുള്ള ബോധവും അതിനു പ്രതിവിധി കാണുന്നതിനുള്ള ആഗ്രഹവും അയൽരാജ്യമായ പാകിസ്ഥാനിൽ മൂർത്തരൂപം കൈക്കൊണ്ടുകഴിഞ്ഞിട്ടുണ്ടെന്നതാണ്. ഇന്ത്യയിലെ സ്ഥിതി നിർഭാഗ്യവശാൽ നേരെ വിപരീതമാകുന്നു. ഇവിടെ അഴിമതിയെപ്പററി സംസാരിക്കുന്നവർപോലും, അതിൽനിന്നു കഴിയാവുന്നത്ര കൂടുതൽ ലാഭം തങ്ങഠംക്കുണ്ടാക്കുന്നതിനുള്ള പരിശ്രമത്തിൽ മുഴുകിയിരിക്കുകയാണ്. കേന്ദ്രസർക്കാരാണെങ്കിൽ, ധനകാര്യമന്ത്രിയുടെ രാജ്യസഭാപ്രസംഗത്തിൽനിന്നു വ്യക്തമായതുപോലെ, അഴിമതി അത്രയൊന്നും ഗൗരവമുള്ള ഒരു പ്രശ്നമാണെന്ന് അംഗീകരിക്കാൻപോലും ഇനിയും തയ്യാറായിട്ടില്ല. ആ സ്ഥിതിക്ക് അഴിമതി പരിഹരിക്കുന്നതിന് കാര്യമായ ഏതെങ്കിലും നടപടി ഇന്ത്യയിലെ കേന്ദ്രഗവണ്മെൻറിൽനിന്ന് അടുത്ത കാലത്തൊന്നും നാം പ്രതീക്ഷിക്കേണ്ടതില്ല.

7 മെയ്, 1982

# 32. അഴിമതിയും രാഷ്ട്രീയപ്പാർട്ടികളും

സത്യസന്ധരുടെ രാഷ്ട്രമായിരുന്ന ഇന്ത്യ ഒരു തലമുറക്കാലംകൊണ്ട് കള്ളന്മാരുടെ രാഷ്ട്രമായി മാറിയതിനെപ്പററി ജമ്മു—കാശ്മീർ ഗവർണർ ആയ ശ്രീ ബി. കെ. നെഹ്റു 1981 ഡിസംബറിൽ മദ്രാസിൽ ചെയ്ത ഒരു പ്രസംഗം പരക്കെ ശ്രദ്ധയാകർഷിക്കുകയുണ്ടായി (കുങ്കുമം, ജനവരി 17). ഈ ദുഃസ്ഥിതി പരിഹരിക്കുന്നതിനുള്ള ചില നിർദേശങ്ങളും ശ്രീ നെഹ്റു മുന്നോട്ടു വെച്ചിരുന്നു.

ഭരണതലത്തിലെ അഴിമതിയെപ്പററി മൂന്നു മണിക്കൂർ നീണ്ട ഒരു ചർച്ച 1982 മെയ് 6—ാം തീയതി രാജ്യസഭയിൽ നടന്നു (കുങ്കുമം, ജൂൺ 6). ഇന്ത്യയിൽ അത്രയൊന്നും അഴിമതിയില്ലെന്ന അഭിപ്രായമാണ് ഈ ചർച്ച

യിൽ കേന്ദ്രഗവണ്മെൻറിനുവേണ്ടി സംസാരിച്ച ധനകാര്യമന്ത്രി ശ്രീ പ്രണവ് മുക്കർജി പ്രകടിപ്പിച്ചതു്.

സ്വാതന്ത്ര്യസമരയോദ്ധാവു്, ഭരണകർത്താവു് എന്നീ നിലകളിൽ പ്രശസ്തനായ ശ്രീ സി. സുബ്രഹ്മണ്യം ജൂലായ് 23-ാം തീയതി മദ്രാസിൽ ചെയ്ത 'സന്താനം' സ്മാരകപ്രസംഗത്തിൽ, ഇന്ത്യയിലെ അഴിമതിയെന്ന പ്രശ്നത്തിലേക്കു വീണ്ടും രാഷ്ട്രത്തിൻെറ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. അഴിമതിയെപ്പററി ശ്രീ പ്രണവ് മുക്കർജിയുടെ അഭിപ്രായമല്ല, ശ്രീ ബി. കെ. നെഹ്റുവിൻെറ അഭിപ്രായമാണ് ശ്രീ സുബ്രഹ്മണ്യത്തിനുള്ളതു്. അഴിമതി ഇന്നു് ഇന്ത്യയിൽ ഒരു ജീവിതമാർഗം, ഒരു ജീവിതദർശനം, ആയിരിക്കുന്നു എന്നും അവിഹിതമാർഗങ്ങളിലൂടെ പണമുണ്ടാക്കുകയെന്നതു നമ്മുടെ സദാചാരമായി മാറിയിരിക്കുന്നു എന്നും ശ്രീ സുബ്രഹ്മണ്യം അസന്ദിഗ്ദ്ധമായി പ്രസ്താവിച്ചു.

ഇന്ത്യയിൽ ജനജീവിതത്തെ ഇന്നു നിയന്ത്രിക്കുന്നതു രാഷ്ട്രീയമാകുന്നു. രാഷ്ട്രീയം ദുഷിച്ചതോടെ ജീവിതത്തിൻെറ മററു മേഖലകളും ദുഷിച്ചിരിക്കുന്നു. അഴിമതി ജീവിതരംഗത്തിലെ 'ആദ്യാവസാന വേഷ'മായിരിക്കുന്നു.

സ്വാതന്ത്ര്യത്തിനു ശേഷം മികച്ച ഒരു ഭരണഘടന നമ്മൾ ഉണ്ടാക്കി. എല്ലാ പൗരന്മാർക്കും സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും, സംസാരിക്കാനും എഴുതാനും വിശ്വസിക്കാനും ആരാധിക്കാനുമുള്ള സ്വാതന്ത്ര്യവും, സ്ഥിതിസമത്വവും, അവസരസമത്വവും, ഐക്യബോധവും സാഹോദര്യബോധവും എല്ലാം ഈ ഭരണഘടനയിലൂടെ കൈവരുമെന്നു നാം ആശിച്ചു.

ഈ ഭരണഘടനയനുസരിച്ച പാർലമെൻറിലേക്കു് ഏഴും സ്റ്റേററ് നിയമസഭകളിലേക്കു് അതിലധികവും തിരഞ്ഞെടുപ്പുകൾ നാം നടത്തിക്കഴിഞ്ഞിരിക്കുന്നു. ഭരണഘടനയുടെ ഇന്നോളമുള്ള പ്രവർത്തനത്തെ വിലയിരുത്തി, അതിലുള്ള തകരാറുകൾ പരിഹരിക്കാൻ സമയമായിരിക്കുന്നു.

സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യയിലാകെ വ്യാപിച്ച പാർട്ടി മനോഭാവമാണ് ജനജീവിതത്തിൽ അഴിമതി നിറച്ചിട്ടുള്ളതെന്നു് ശ്രീ സുബ്രഹ്മണ്യം കരുതുന്നു. പാർട്ടികളുടെ പ്രവർത്തനവും തിരഞ്ഞെടുപ്പു സമ്പ്രദായവുമാണ് ഇന്ത്യയിൽ ഇന്നു കാണുന്ന നൈതികാധഃപതനത്തിൻെറ മൂലകാരണം.

ഇന്ത്യയിൽ ആദ്യത്തെ തിരഞ്ഞെടുപ്പിൽത്തന്നെ സ്ഥാനാർത്ഥികൾക്കു വൻതോതിൽ പണം ചെലവഴിക്കേണ്ടിവന്നു. പിന്നീടു തിരഞ്ഞെടുപ്പു ചെലവു് ക്രമേണ വർദ്ധിച്ചുവന്നു. ഇപ്പോൾ സ്റ്റേററ് അസംബ്ലികളിലേക്കുള്ള തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥി ചുരുങ്ങിയതു് അഞ്ചു ലക്ഷം രൂപയെങ്കിലും ചെലവാക്കണം; അമ്പതു ലക്ഷംവരെ ചെലവാക്കുന്നവരുമുണ്ടു്. പാർലമെൻറിലേക്കുള്ള തിരഞ്ഞെടുപ്പിൻെറ ചെലവു് ആനുപാതികമായി കൂടിയിരിക്കുമെന്നു പറയേണ്ടതില്ല.

തിരഞ്ഞെടുപ്പു കഴിഞ്ഞാൽ മിക്കവാറും എല്ലാ നിയമസഭാംഗങ്ങളും പ്രവർത്തനമാരംഭിക്കുന്നതു് ഒരു കള്ളസത്യം ചെയ്തുകൊണ്ടാണെന്നു് ശ്രീ സുബ്രഹ്മണ്യം പറഞ്ഞു. തിരഞ്ഞെടുപ്പുചെലവുകൾ സംബന്ധിച്ച് ഇലക്ഷൻ കമ്മീഷനു കൊടുക്കുന്ന സ്റ്റേററ്മെൻറിൽ,ശരിക്കുള്ള ചെലവു കാണിച്ചാൽ, മിക്ക എം. പി. മാരും എം. എൽ. എ. മാരും ആ സ്ഥാനങ്ങൾക്കു് അയോഗ്യരായി പ്രഖ്യാപിക്കപ്പെടും. അതിനാൽ അവർ നാണമില്ലാതെ, സങ്കോചമില്ലാതെ, കള്ളസത്യം ചെയ്യുന്നു.

തിരഞ്ഞെടുപ്പിനുള്ള ഈ ഭീമമായ ചെലവു് ആർ വഹിക്കുന്നു? പാർട്ടികൾതന്നെ. അതിനാൽ പാർട്ടികളുടെ മുഖ്യമായ തൊഴിൽ പണപ്പിരിവായിരിക്കുന്നു. ഭരണകക്ഷിക്കു പണപ്പിരിവിനു കൂടുതൽ സൗകര്യമുണ്ടു്.

പക്ഷേ, എല്ലാ പാർട്ടികളും അടുത്ത തിരഞ്ഞെടുപ്പിനുള്ള പണം ഇപ്പോൾത്തന്നെ പിരിച്ചുതുടങ്ങുന്നു. പിരിവു നിരന്തരമായി തുടരുന്നു.

പക്ഷേ, പരക്കെ അറിയപ്പെടുന്ന ന്യായമാർഗങ്ങളിലൂടെ ഇത്രയും കൂടുതൽ പണം പിരിച്ചെടുക്കുക സാദ്ധ്യമല്ല; കോർപ്പറേഷനുകളും കമ്പനികളും രാഷ്ട്രീയപ്പാർട്ടികൾക്കു സംഭാവന നൽകുന്നതിൽ പല നിയന്ത്രണങ്ങളും ഏർപ്പെടുത്തിയതിനു ശേഷം പ്രത്യേകിച്ചും. അതുകൊണ്ടു സ്വാഭാവികമായും, പാർട്ടികൾ പിരിച്ചെടുക്കുന്നതു കണക്കിൽ കാണാത്ത കള്ളപ്പണമാണ്. കള്ളപ്പണത്തിൽ ഇന്ത്യയിലെ രാഷ്ട്രീയപ്പാർട്ടികൾക്കു നിക്ഷിപ്ത താല്പര്യമുണ്ട്—എല്ലാ പാർട്ടികൾക്കും.

ഇന്ന് ഇന്ത്യയിലുള്ള അഴിമതിയുടെ മൂലസ്രോതസ്സ് രാഷ്ട്രീയപ്പാർട്ടികളുടെ പണപ്പിരിവാണെന്ന് ശ്രീ സുബ്രഹ്മണ്യം പറയുന്നു. ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ് കള്ളപ്പണവും അഴിമതിയും. കള്ളപ്പണമില്ലാതെ അഴിമതിയില്ല. അഴിമതിയില്ലാതെ കള്ളപ്പണവുമില്ല. കള്ളപ്പണത്തെ ആശ്രയിക്കുന്നവർക്ക് അഴിമതിക്കാരാവാതെ വയ്യ.

ആദ്യകാലത്തു രാഷ്ട്രീയപ്പാർട്ടികൾ പണപ്പിരിവു നടത്തിയിരുന്നതു തിരഞ്ഞെടുപ്പിനു തൊട്ടുമുമ്പു മാത്രമായിരുന്നു. ക്രമേണ പണപ്പിരിവ് രാഷ്ട്രീയപ്പാർട്ടികളുടെ നിത്യപ്രവൃത്തിയായിത്തീർന്നു. പിരിക്കുന്നതു് കള്ളപ്പണമാകയാൽ കണക്കു സൂക്ഷിക്കുക അസാധ്യവുമായി. ഇതിന്റെ ഫലമോ? വ്യക്തികൾ പണം പിരിക്കുക, അവർതന്നെ അതിൽ അധികവും വിഴുങ്ങുക എന്ന നിലയിലേക്കു കാര്യങ്ങൾ എത്തി. ഇപ്പോൾ നില ഇതാണ്. ഏതു രാഷ്ട്രീയനേതാവ് എത്ര പണം പിരിക്കുന്നു, എത്ര വിഴുങ്ങുന്നു, എത്ര പാർട്ടിയിലേക്കു നൽകുന്നു എന്ന് ആർക്കും അറിഞ്ഞുകൂടാ.

തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളുടെ ഗുണനിലവാരം നിരന്തരം അധഃപതിച്ചുവന്നു എന്നതാണ് ഇതിന്റെ ഒരു ഫലം. പാർലമെന്റിലും നിയമസഭകളിലും നടന്നുവരുന്ന അന്തസ്സുകെട്ട ബഹളങ്ങളിലേക്ക് ശ്രീ സുബ്രഹ്മണ്യം നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നു. നിയമസഭകളിൽ, ഏതു സ്റ്റേറ്റിലെ നിയമസഭയിലും, പ്രയോജനകരമായ ചർച്ചകൾ അപൂർവമായേ നടക്കുന്നുള്ളൂ. ഗൗരവമായ ചർച്ചകൾ നടക്കുമ്പോൾ അംഗങ്ങളിൽ പലരും ഹാജരാവാറില്ല. കോറം തികയ്ക്കാൻതന്നെ പ്രയാസം. മന്ത്രിമാരുടെ ഗുണനിലവാരവും അംഗങ്ങളുടെ ഗുണനിലവാരത്തിൽനിന്ന് ഒട്ടും വ്യത്യസ്തമല്ല. യോഗ്യതയിലും കഴിവിലും സ്വഭാവശുദ്ധിയിലും അധികമധികം മോശപ്പെട്ടവരാണ് പിന്നെപ്പിന്നെ മന്ത്രിപദവികളിൽ സ്ഥാനമുറപ്പിക്കുന്നത്.

വ്യക്തിപരമായ ലാഭത്തിനുവേണ്ടിയാണ് ഇന്ത്യയുടെ രാഷ്ട്രീയരംഗത്തിൽ ഇന്നു നടക്കുന്ന കാലുമാററങ്ങൾ എല്ലാം. ഈ കാലുമാററങ്ങളെ എല്ലാ പാർട്ടികളും ഒരുപോലെ പ്രോത്സാഹിപ്പിക്കുന്നു. ഭൂരിപക്ഷം പോകാതെ നോക്കലാണ് അധികാരത്തിൽത്തുടരുന്ന കാലത്ത് എല്ലാവരുടേയും മുഖ്യ ജോലി. ചീഫ് മിനിസ്റ്റർമാർപോലും പണം കൊടുത്ത് എം. എൽ.എ . മാരുടെ കൂറു വിലയ്ക്കു വാങ്ങുന്നു. എതിർകക്ഷിക്കാരേക്കൂടി വിലയ്ക്കു വാങ്ങിയ ധാരാളം ഉദാഹരണങ്ങളുണ്ട് എന്ന് സുബ്രഹ്മണ്യം എടുത്തു പറയുന്നു.

നല്ല ഒരു ഉദ്യോഗസ്ഥവർഗമുണ്ടെങ്കിൽ, രാഷ്ട്രീയതലത്തിലുള്ള ഈ അഴിമതിക്കിടയിലും ജനങ്ങൾ നിന്നു പൊറുത്തേനേ. പക്ഷേ, അഴിമതിയെന്ന രോഗം ഉദ്യോഗവർഗത്തിലേക്കും പകർത്തിയിരിക്കുന്നു.

ഇന്ത്യയിലെ രാഷ്ട്രീയാന്തരീക്ഷം ആശയററ വിധത്തിൽ ഇരുണ്ടിരിക്കുന്നു. എന്താണിതിനു പരിഹാരം? എവിടെയാണു നാം തുടങ്ങേണ്ടതു്? ഏതു വഴിയിലൂടെയാണു മുന്നോട്ടു പോകേണ്ടതു്?

പാർട്ടിപ്രവർത്തനത്തിനു ചില നിയമങ്ങളുണ്ടാക്കുന്നതു് അടിയന്ത

രാവശ്യമായിത്തീർന്നിരിക്കുന്നുവെന്ന് ശ്രീ സുബ്രഹ്മണ്യം കരുതുന്നു. ഇന്ത്യയിൽ നാം സ്വീകരിച്ച വിധത്തിലുള്ള ജനാധിപത്യത്തിന്റെ പ്രവർത്തനത്തിന് അച്ചടക്കമുള്ള പാർട്ടികൾ കൂടിയേ കഴിയൂ. എന്നാൽ, പാർട്ടികൾ നടത്തിക്കൊണ്ടുപോകേണ്ടതെങ്ങനെ എന്നതു സംബന്ധിച്ച പാരമ്പര്യം ഇന്ത്യയിലില്ല. പാർട്ടിസ്സമ്പ്രദായം ഇവിടെ പുതുതാണല്ലോ. അതിനാൽ പാർട്ടികൾ സംഘടിപ്പിക്കുന്നതും നടത്തിക്കൊണ്ടുപോകുന്നതും സംബന്ധിച്ച ചില നിയമങ്ങൾ നാം ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ഏതു പാർട്ടിക്കും ഒരു ഭരണഘടന വേണം. ഇന്ന് ഇന്ത്യയിലെ പല പാർട്ടികൾക്കും ഭരണഘടനയില്ല. ഭരണഘടന ഉള്ള പാർട്ടികൾതന്നെ അതിനെ വിലവെക്കുന്നുമില്ല.

എല്ലാ പാർട്ടികളും തങ്ങളുടെ ഭരണഘടന, നിയമവിധേയമായ ഒരു അധികാരസ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യണം എന്ന് ശ്രീ സുബ്രഹ്മണ്യം നിർദ്ദേശിക്കുന്നു. അംഗങ്ങളെ ചേർക്കുന്നതും നിർവാഹകരെ തിരഞ്ഞെടുക്കുന്നതും സംബന്ധിച്ച നിയമങ്ങൾ ഈ ഭരണഘടനയിലുണ്ടാവണം. എല്ലാ പാർട്ടികളും അംഗങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കണം.

ഇതിനേക്കാൾ മുഖ്യം, എല്ലാ പാർട്ടികളും വരവുചെലവുകളുടെ കൃത്യമായ കണക്കു സൂക്ഷിക്കുകയും നിയമപ്രകാരം ഓഡിററ് ചെയ്യിക്കുകയും യഥാവസരം അധികൃതസ്ഥാനങ്ങളിൽ ഈ കണക്കു ബോധിപ്പിക്കുകയും വേണമെന്നതാണ്. വരവിനും ചെലവിനും ശരിയായ വൗച്ചർ അവർ സൂക്ഷിക്കണം. ഓരോ പാർട്ടിക്കും വേണ്ടി, ഇപ്പോൾ ചെയ്യുംപോലെ, തോന്നിയവരൊക്കെ പണം പിരിക്കരുത്. അതാതു പാർട്ടി അധികാരപ്പെടുത്തിയ നിർവഹണാധികാരി മാത്രമേ അതാതു പാർട്ടിക്കുവേണ്ടി പണം പിരിക്കാവൂ. മന്ത്രിമാർ ഒരിക്കലും പാർട്ടികൾക്കുവേണ്ടി പണപ്പിരിവു നടത്തരുത് എന്ന് ശ്രീ സുബ്രഹ്മണ്യം നിഷ്കർഷിക്കുന്നു.

പാർട്ടിപ്രവർത്തനങ്ങളെ നിയമംമൂലം നിയന്ത്രിക്കുന്നതോടൊപ്പം, പാർട്ടികൾ അമിതമായി പെരുകാതെ അവയുടെ എണ്ണം നിയന്ത്രിക്കാനും ശ്രമമുണ്ടാവണം. വ്യക്തികൾക്കുവേണ്ടിയാണല്ലോ ഇപ്പോൾ പാർട്ടികൾ ഉണ്ടാവുന്നതും നിലനില്ക്കുന്നതും. ഇതിനു വിപരീതമായി, വ്യക്തിതാല്പര്യങ്ങളും പാർട്ടിതാല്പര്യങ്ങളും തമ്മിൽ സംഘട്ടനമുണ്ടാവുമ്പോൾ പരിഗണന പാർട്ടിതാല്പര്യങ്ങൾക്കായിരിക്കണം; രാഷ്ട്രതാല്പര്യങ്ങളും പാർട്ടിതാല്പര്യങ്ങളും തമ്മിലാണു സംഘട്ടനമെങ്കിൽ, രാഷ്ട്രതാല്പര്യങ്ങളേ പരിഗണിക്കപ്പെടാവൂ.

തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി, ജനങ്ങളുടെ ആകെ പ്രതിനിധിയാണ് എന്ന ബോധം പരക്കെ ഉണ്ടാവണം. അയാൾ തന്റെ പാർട്ടിയുടെ മാത്രം കാര്യം നോക്കിയാൽ പോരാ. സ്വന്തം പാർട്ടിക്കാരുടെ താല്പര്യമല്ല, നിയോജകമണ്ഡലത്തിലെ മൊത്തം ജനങ്ങളുടെ താല്പര്യമാണ്, അയാൾ ഉയർത്തിപ്പിടിക്കേണ്ടത്.

ജനാധിപത്യ വ്യവസ്ഥിതിയിൽ, ജനാധിപത്യമെന്നത് സർക്കാർ സംവിധാനത്തിൽ മാത്രം ഒതുങ്ങിനില്ക്കുന്നില്ല. പാർട്ടികൾക്കുള്ളിലും വേണം ജനാധിപത്യം. ഒരു പാർട്ടിയും ഏതാനും ചില വ്യക്തികളുടെ കൈകളിലെ കളിപ്പാട്ടങ്ങൾ മാത്രമായിക്കൂടാ.

പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ പാർട്ടികൾ ഇടപെട്ടുകൂടെന്നും ശ്രീ സുബ്രഹ്മണ്യത്തിന് അഭിപ്രായമുണ്ട്. പാർട്ടിപ്രവർത്തനം സ്റ്റേററ് അസംബ്ലികളിലേക്കും കേന്ദ്ര നിയമസഭയിലേക്കുമുള്ള തിരഞ്ഞെടുപ്പിൽ മാത്രമായി പരിമിതപ്പെടുത്തണം.

അഴിമതി തടയുന്നതിന് നമ്മുടെ ഭരണവ്യവസ്ഥയെ ആകെ പുനഃസംവിധാനം ചെയ്യണമെന്നാണ് ശ്രീ ബി. കെ. നെഹ്റു ആവശ്യപ്പെട്ടത്. ശ്രീ സുബ്രഹ്മണ്യം അത്രയൊന്നും പോവുന്നില്ല. രാഷ്ട്രീയപാർട്ടി

കളുടെ പ്രവർത്തനം ചില സാധാരണ നിയമങ്ങൾക്ക വിധേയമാക്കണെമെന്ന മാത്രമേ അദ്ദേഹം ആവശ്യപ്പെടുന്നുള്ളു. സൊസൈററികൾ രജിസ്റ്റർ ചെയ്യുന്നതിന് ഇപ്പോഴുള്ള നിയമങ്ങൾ ഏറെക്കുറെ അങ്ങനെ തന്നെ രാഷ്ട്രീയപ്പാർട്ടികൾക്കും ബാധകമാക്കണമെന്നാണ്, ചുരുക്കത്തിൽ, അദ്ദേഹം നിർദ്ദേശിക്കുന്നത്.

രാഷ്ട്രീയപ്പാർട്ടികളുടെ പണപ്പിരിവു നിയമാനുസൃതമാക്കുമ്പോൾ, ഓരോ സ്ഥാനാർത്ഥിയുടെയും ന്യായമായ തിരഞ്ഞെടുപ്പുചെലവ് സർക്കാർ വഹിക്കണമെന്നും ശ്രീ സുബ്രഹ്മണ്യം പറയുന്നുണ്ട്. ഇതു ചെയ്യാത്ത പക്ഷം അഴിമതി ഇന്നത്തേതിലും എത്രയോ അധികം മൂർച്ഛിക്കുമെന്ന മുന്നറിയിപ്പും അദ്ദേഹം നല്കുന്നു.

ഇന്ത്യൻ ജനാധിപത്യത്തിന്റെ നല്ല പഴയ കാലത്ത് കേന്ദ്ര ധനകാര്യ മന്ത്രിയായിരുന്ന ശ്രീ സുബ്രഹ്മണ്യം. രാജാജിയുടെ കീഴിൽ പരിശീലനം നേടിയ, പഴക്കവും തഴക്കവുമുള്ള, ഒരു രാഷ്ട്രീയ പ്രവർത്തകനാണ് അദ്ദേഹം. അദ്ദേഹത്തിന്റെ മിതമായ നിർദ്ദേശങ്ങൾ രാഷ്ട്രീയപ്രവർത്തകരും പൊതുജനങ്ങളും ഗൗരവത്തോടെ പരിഗണിക്കേണ്ടതുണ്ട്.

പക്ഷേ, ഈ നിർദ്ദേശങ്ങളെ ആരാനും പരിഗണിക്കുമോ? അഴിമതി അത്രയൊന്നും ഗൗരവമുള്ള ഒരു പ്രശ്നമല്ലെന്നാണല്ലോ കേന്ദ്ര ഗവണ്മെൻറിന്റെ പ്രഖ്യാപിതാഭിപ്രായം. രാഷ്ട്രീയപ്പാർട്ടികൾക്കാണെങ്കിൽ, ഇന്നത്തേക്കാൾ മെച്ചപ്പെട്ട ഒരു വ്യവസ്ഥിതിയെപ്പററി സങ്കല്പിക്കാൻതന്നെ പ്രയാസമായിരിക്കും. എത്രയെങ്കിലും പണം എവിടെനിന്നെങ്കിലും സംഭരിക്കുന്നതിനുള്ള അനിയന്ത്രിതമായ അധികാരം അവർ കൈവിടുമോ? പത്രങ്ങളിൽ ശ്രീ സുബ്രഹ്മണ്യത്തിന്റെ പ്രസംഗം ഒരു ചലനവും ഉളവാക്കിയതായി കാണുന്നില്ല. 'ഹിന്ദു' ഒഴികെ മറെറാരു പത്രവും അതു റിപ്പോർട്ടു ചെയ്യുകപോലും ഉണ്ടായില്ല. പിന്നെയുള്ളതു പൊതുജനങ്ങളാണ്. പാവം പൊതുജനങ്ങൾ! അവരെപ്പററി എന്തു പറയാൻ?

26 ജൂലൈ, 1982

# 33. പുനരപി

പുനരപി ജനനം പുനരപി മരണം
പുനരപി ജനനീ ജഠരേ ശയനം
ഇഹ സംസാരേ ബഹുദുസ്താരേ
കൃപയാ പാരേ പാഹി മുരാരേ!

ശങ്കരാചാര്യർ രചിച്ചതും സുപ്രസിദ്ധവുമായ 'മോഹമുദ്ഗരം' എന്ന സ്തോത്രത്തിലുള്ളതാണ് ഈ പദ്യം. 'അജ്ഞാനത്തിന് ഒരു ഇരുമ്പുലക്ക' എന്നാണ് സ്തോത്രത്തിന്റെ പേരിന്റെ അർത്ഥം. സാധാരണ സ്തോത്രങ്ങളിൽ പതിവുള്ളതുപോലെ ഏതെങ്കിലും രൂപത്തിൽ സങ്കല്പിക്കപ്പെട്ട ഈശ്വരനെ വാഴ്ത്തുകയല്ല ഈ സ്തോത്രംകൊണ്ട് ഉദ്ദിഷ്ടം എന്ന് ആ പേരുതന്നെ വെളിവാക്കുന്നു. ജീവിതത്തെ സംബന്ധിച്ച സർവജനീനങ്ങളായ ചില തെററിദ്ധാരണകൾ തിരുത്താനും ശരിയായ ജീവിതമൂല്യങ്ങൾ സരളമായി പ്രതിപാദിക്കാനും ആണ് ഈ കൃതിയിൽ ശങ്കരാചാര്യർ ശ്രമിക്കുന്നത്. ഈ അംശത്തിൽ ബൈബിളിലെ 'കർത്താവിന്റെ പ്രാർത്ഥന'യോട് ഇതിനു സാമ്യമുണ്ട്.

ഇവിടെ ഉദ്ധരിച്ച പദ്യം ജീവിതം സംബന്ധിച്ച ഹിന്ദു-ബൗദ്ധ-